LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ചുള്ള പഠനം

206 (3360) ശ്രീ. സണ്ണിജോസഫ് രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദേശകാര്യവും വകുപ്പുമന്ത്രി സഭയെ അറിയിക്കുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഒന്നിൽ കൂടുതൽ തവണകളിലായി ഇത്തരം പഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ചെറുകിട - ഇടത്തരം സംരംഭങ്ങൾ തുടച്ചുനീക്കപ്പെടുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ച് നൽകാമെന്നറിയിച്ചു.

വ്യവസായ വികസനം

207 (3361) ശ്രീ. കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദേശകാര്യവും വകുപ്പുമന്ത്രി സഭയെ അറിയിക്കുമോ:

(എ) കൊച്ചിയിൽ വ്യവസായ വികസനം ഉറപ്പുവരുത്തി കിടങ്ങൂരിലെ വ്യവസായം തുടങ്ങാനുള്ള ശ്രമങ്ങൾ ഉപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വിശദമാക്കുമോ;

(സി) വ്യവസായ വികസനത്തിന് പ്രധാന തടസ്സം കാലതാമസമുണ്ടാക്കുന്ന നിയമങ്ങളാണെന്ന കാര്യം അറിയാമോ;

(ഡി) എങ്കിൽ ഏതെല്ലാം നിയമങ്ങളിൽ ഇത്തരം ഭേദഗതികൾ വരുത്തുമെന്നാണ് വിശദമാക്കാമോ?

ഉത്തരം

(എ) ബാധകമല്ല.

(ബി-ഡി) വ്യവസായ വികസനത്തിനാവശ്യമായ നിയമപ്രകാരമുള്ള അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1999 മുതൽ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആക്ട് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് എന്നിവ നടപ്പിലാക്കിയതിനെ തുടർന്ന് ആവശ്യമായ അനുമതികൾ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നുണ്ട്.

ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം

208 (3362) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന കാര്യങ്ങൾ വ്യവസായവും വിദേശവ്യാപാരവും വകുപ്പുമന്ത്രി ദയവായി അറിയിക്കുമോ ?

ചെറുകിട വ്യവസായ യൂണിറ്റുകളിൽ 2013-14, 2014-15 വർഷങ്ങളിൽ ഉൽപ്പാദനം പ്രവർത്തിച്ചവയും നഷ്ടമായി പ്രവർത്തിച്ചവയും എത്ര വീതമെന്ന് വിശദമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരികയാണ്.

വ്യവസായ മേഖലയുടെ വളർച്ച

209 (3363) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോജി എം. ജോൺ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന കാര്യങ്ങൾ വ്യവസായവും വിദേശവ്യാപാരവും വകുപ്പുമന്ത്രി ദയവായി അറിയിക്കുമോ :

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ;

(ബി) ഈ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന് ഏതൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഉത്തരം നൽകുന്നതിന് ആവശ്യമായ തരത്തിൽ വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെ സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായങ്ങൾ ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നയം

LIBRARY ARCHIVES Kerala Legislative Assembly